"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - ജീവനക്കാര്യം - ശ്രീ. ശരവൺ എ ആർ കെഎഎസ് - ന്റെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) തസ്തികയിലെ നിയമനം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1526/2024/GAD തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 12/2017/പി.&എ.ആർ.ഡി. തീയതി, 29.12.2017.
2. സ.ഉ.(അച്ചടി) നം. 4/2019/പി.&എ.ആർ.ഡി. തീയതി, 11.07.2019.
3. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള 25.10.2021 - ലെ ആർ.ഐ.എ(1) 6739/2021/ജി.ഡബ്ല്യൂ. നമ്പർ കത്ത്.
4. സ.ഉ.(കൈ) നം. 221/2021/പൊ.ഭ.വ. തീയതി, 23.12.2021.
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 13.03.2023 - ലെ AAVW22/1/2022-KPSC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകൃതമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പ്രവേശന തസ്തികയായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (3) പ്രകാരം നിയമന ശിപാർശ നൽകിയ ശ്രീ. ശരവൺ എ ആർ - ന് 1958 - ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ പൊതുചട്ടം 9(a)(i), 10(b), 3(c) എന്നിവയ്ക്ക് വിധേയമായി പരാമർശം (4) ഉത്തരവ് പ്രകാരം താത്കാലിക നിയമനം നൽകി ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥന്റെ സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് പരാമർശം (5) പ്രകാരം സർക്കാരിലേക്ക് ലഭ്യമാക്കുകയും, തിരുവനന്തപുരം സിറ്റി ഇൻസ്പെക്ടർ ജനറൽ & കമ്മീഷണർ ഓഫ് പോലീസ് ടിയാന്റെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

2) സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീ. ശരവൺ എ ആർ കെഎഎസ് - ന്റെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) തസ്തികയിലെ നിയമനം താഴെപ്പറയുന്ന വിധത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നമ്പറും തീയതിയും | പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നമ്പറും തീയതിയും | നിയമനം ക്രമീകരിച്ച തീയതി |
|---|---|---|---|
| ശരവൺ എ.ആർ. | No. KPSC/HO/10046583 dated 09.03.2023 | No. SB/575/SVR/2022 TC dated 28.03.2024 | 23.12.2021 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

ജോയിന്റ് സെക്രട്ടറി

ശ്രീ. ശരവൺ എ ആർ. കെഎഎസ്, ഫിനാൻഷ്യൽ അസിസ്റ്റന്റ്, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ

കാര്യാലയം, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ആന്റ് ബ്രിഡ്ജസ്), നോർത്ത് സർക്കിൾ, കോഴിക്കോട്.

ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Binu Kumar N S

Date: 03-04-2024 14:48:00

സെക്ഷൻ ഓഫീസർ